(സി) ഉണ്ട്. അവ താഴെപ്പറയുന്നു:-

വൈസ് പ്രിൻസിപ്പൽ	- 1
ജൂനിയർ ഇൻസ്ട്രക്ടർ	- 2
എ.സി.ഡി. ഇൻസ്ട്രക്ടർ	- 1
എൽ.ഡി. ക്ലാർക്ക്	- 3

ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ.-കൾ

177 (6882) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ.കളുടെ വിശദവിവരം നല്കുമോ ;

(ബി) കാലോചിതമായ കോഴ്സുകളോടുകൂടിയ ഐ.റ്റി.ഐ.കൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഐ.റ്റി.ഐ.കൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിലുള്ള നിലപാടും നയവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി, മലപ്പുറം ജില്ലയിലെ താഴേക്കോട്, കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി എന്നിവിടങ്ങളിലായി 5 ഐ.റ്റി.ഐ.കളും കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) ഉൾപ്പെടെ ആകെ 7 ഐ.റ്റി.ഐ.കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഐ.റ്റി.ഐ.യും അടച്ചുപൂട്ടിയിട്ടില്ല.

(ബി&സി) നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും

178 (6883) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുവദിച്ച എത്ര ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly